"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജലവിഭവ വകുപ്പ്-"കോഴിക്കോട് ജില്ലയിലെ വടകര നിയോജകമണ്ഡലത്തിലെ അറക്കിലാട് കുഴിച്ചാൽ തോട് പാർശ്വഭിത്തി കെട്ടി സംരക്ഷണം" എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (എം.ഐ) വകുപ്പ്**

സ.ഉ.(സാധാ) നം.245/2024/WRD തീയതി,തിരുവനന്തപുരം, 15-03-2024

---

പരാമർശം:-
1. 05/12/2023 തീയതിയിലെ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ CEIA/5356/2023-(W6)(1) നമ്പർ കത്ത്
2. 14/03/2024 തീയതിയിൽ ജലവിഭവ വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കമ്മിറ്റിയുടെ മിനിട്സ്

**ഉത്തരവ്**

2023-24 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുബന്ധം-2 വോള്യം-2 ൽ ക്രമ നമ്പർ 1550 ആയി ഭരണാനുമതി ഇല്ലാത്ത പ്രവൃത്തികളിൽ ഉൾപ്പെട്ട "കോഴിക്കോട് ജില്ലയിലെ വടകര നിയോജക മണ്ഡലത്തിലെ അറക്കിലാട് കുഴിച്ചാൽ തോട് പാർശ്വഭിത്തി കെട്ടി സംരക്ഷണം" എന്ന പ്രവൃത്തിയ്ക്ക് 2702-03-101-98-03-34-03 Repairs to Flood damage എന്ന ശീർഷകത്തിൽ അധികതുക വകയിരുത്തി എഴുപത്തിയഞ്ച് ലക്ഷം രൂപയുടെ ഭരണാനുമതി നല്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രവൃത്തിയുടെ ഡി.എസ്.ആർ 2018 പ്രകാരം തയ്യാറാക്കിയ Rs.75,00,000/- (എഴുപത്തിയഞ്ച് ലക്ഷം രൂപ ) അടങ്കൽ തുക വരുന്ന പദ്ധതിരേഖ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ പരാമർശം (1) പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു. ടി പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റ് തുകയുടെ ഇരുപത് ശതമാനം തുകയായ Rs.15,00,000/- (പതിനഞ്ച് ലക്ഷം ) രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്.

14/03/2024 തീയതിയിൽ ചേർന്ന അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കമ്മിറ്റി ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് വിശദമായി പരിശോധിക്കുകയും പരാമർശം (2) പ്രകാരം ഡി.എസ്.ആർ 2018 പ്രകാരമുള്ള പദ്ധതിരേഖയ്ക്ക്, സംരക്ഷണഭിത്തിയുടെ ഉയരം തോടിലേയ്ക്കുള്ള മഴവെള്ളത്തിന്റെ ഒഴുക്കിനെ തടസ്സപ്പെടുത്താത്ത രീതിയിൽ ക്രമീകരിച്ച് നിർമ്മിക്കണമെന്ന നിബന്ധനയോടെ, അംഗീകാരം നല്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. Rs.75,00,000/- (എഴുപത്തിയഞ്ച് ലക്ഷം രൂപ) എസ്റ്റിമേറ്റ് തുക വരുന്ന "കോഴിക്കോട് ജില്ലയിലെ വടകര നിയോജകമണ്ഡലത്തിലെ അറക്കിലാട് കുഴിച്ചാൽ തോട് പാർശ്വഭിത്തി കെട്ടി സംരക്ഷണം" എന്ന പ്രവൃത്തിയ്ക്ക്

സംരക്ഷണഭിത്തിയുടെ ഉയരം തോടിലേയ്ക്കുള്ള മഴവെള്ളത്തിന്റെ ഒഴുക്കിനെ തടസ്സപ്പെടുത്താത്ത രീതിയിൽ ക്രമീകരിച്ച് നിർമ്മിക്കണമെന്ന നിബന്ധനയോടെ 2702-03-101-98-03-34-03 Repairs to Flood damage എന്ന ശീർഷകത്തിൽ Rs.75,00,000/- (എഴുപത്തിയഞ്ച് ലക്ഷം ) രൂപയുടെ ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അശോക് കുമാർ സിംഗ് ഐ എ എസ്
പ്രിൻസിപ്പൽ സെക്രട്ടറി

1. ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും ),തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ.ഇ /ആഡിറ്റ്) കേരളം, തിരുവനന്തപുരം
3. ധനകാര്യ വകുപ്പ് (നം.2670729/Agri-A1/15/2024-FIN dated 23.01.2024)
4. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പിന്
5. കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Malini T J
സെക്ഷൻ ഓഫീസർ
Date: 16-03-2024 10:44:36